പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *30 30.11.2015 ൽ മറുപടിക്ക്

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ:<br>,, എ.പി.അബ്ദുള്ളക്കുട്ടി:<br>,, വി.ഡി.സതീശൻ : | കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; | (എ) 2009 ഡിസംബറിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി രൂപീകരിച്ചു. പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാനുദ്ദേശിച്ച 2200 ഏക്കർ ഭൂമിയിൽ 1278.89 ഏക്കർ ഭൂമി സർക്കാരിനു വേണ്ടി റവന്യൂ ഡിപ്പാർട്ട്മെന്റും സർക്കാരിന്റെ നോഡൽ ഏജൻസിയായ കിൻഫ്രയും ഒന്നും രണ്ടും ഘട്ടങ്ങളിൽ ഏറ്റെടുത്തു. മൂന്നാം ഘട്ട സ്ഥലമെടുപ്പിന്റെ ഭാഗമായി ഏറ്റെടുക്കേണ്ടിയിരുന്ന 785 ഏക്കറിൽ ഇതുവരെയായി 612.12 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കിവരുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br><br>റൺവെ നിർമ്മാണത്തിന് വേണ്ടി അടിയന്തിരമായി ഏറ്റെടുക്കേണ്ടി വന്ന 11.44 ഏക്കർ ഭൂമിയിൽ 10.52 ഏക്കർ ഭൂമി കിയാൽ നേരിട്ട് ഏറ്റെടുത്തു. എമർജൻസി റോഡിനു |

വേണ്ടി 40 സെന്റ് ഭൂമി ഏറ്റെടുക്കാനുള്ള ജോലികൾ നടന്നുവരുന്നു. റൺവെ 3400 മീറ്റർ നീട്ടാനുള്ള സർവ്വെ പൂർത്തിയാക്കി.

കണ്ണൂർ എയർപോർട്ടിന്റെ മൂലധന സമാഹരണം ത്വരിതപ്പെടുത്തുന്നതിന് 4.4.2012-ൽ കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രമോഷൻ സൊസൈറ്റി (കിയാപ്സ്) രൂപീകരിച്ചു.

എയ്കോം ഏഷ്യാകമ്പനിയെയും അവരുടെ സാമ്പത്തിക പങ്കാളികളായ ക്രിസിലിനെയും കണ്ണൂർ എയർപോർട്ടിന്റെ പ്രൊജക്ട് കൺസൽട്ടൻസിയായി 2012 നവംബറിൽ നിയമിച്ചു.

എയർപോർട്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ റൺവെ എയർസൈഡ് പ്രവർത്തികൾക്ക് 694 കോടി രൂപക്കുള്ള കരാർ 25.11.2013നും ടെർമിനൽ ബിൽഡിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ 498.70 കോടി രൂപക്കുള്ള കരാർ 25.06.2014ന് ലാർസൺ & ട്യൂബ്രോ കമ്പനിക്ക് നൽകുകയും പ്രവർത്തികൾ നടന്നുവരികയുമാണ്. ഇതുവരെയായി ഏകദേശം 60% പണികൾ പൂർത്തിയായി.

വായ്പ ഇനത്തിലുള്ള 892

കോടി രൂപ സമാഹരിക്കുന്നതിന് ബാങ്കുകളുമായി ധാരണപത്രം 21.5.2015ന് ഒപ്പുവെച്ചു. (കാനറ ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളുടെ കൺസോർഷ്യം)

എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുമായി 100 കോടി രൂപക്കുള്ള ധാരണാ പത്രം 24.07.2015-ൽ ഒപ്പുവെച്ചു. 100 കോടി രൂപക്കുകൂടി എയർപോർട്ട് അതോറിറ്റിക്ക് ഓഹരി അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

മെറ്റീരിയോളജിക്കൽ സർവ്വീസിനുവേണ്ടി മെറ്റിരിയോളജിക്കന്ന വകുപ്പുമായി ധാരണാപത്രം ഒപ്പുവെച്ചു.

എ.ടി.എഫ് എയർക്രാഫ്റ്റ് ഫ്യൂവൽ ഫാം നടത്തുന്നതിനുള്ള ബി.പി.സി.എൽ - കിയാൽ പ്രൈവെറ്റ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിച്ചു. ബാക്കിയുള്ള നിർമ്മാണ പ്രവർത്തികളായ ലിഫ്റ്റ്, എസ്കലേറ്റർ, ഫയർ ടെണ്ടർ തുടങ്ങിയവക്കുള്ള വർക്ക് അവാർഡ് ചെയ്തു. വാണിജ്യാടിസ്ഥാനത്തിൽ എയർപോർട്ട് 2016 മധ്യത്തോടുകൂടി പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കേണ്ടത്, വിശദമാക്കുമോ; | (ബി) | DGCA clearance, Customs clearance, Wireless planning and co-ordination clearance communication, CISF Deployment clearance എന്നിവ ലഭ്യമാകണം. |
| (സി) | പദ്ധതി നടത്തിപ്പിനുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | ഇ.പി.സി -1 കരാറിനുള്ള RFQ 2013 ജനുവരി 21ന് കിയാൽ ബോർഡ് അംഗീകാരം നൽകി. റൺവെ, ടാക്സിവേ, ഏപ്രൺ, അനുബന്ധ സൗകര്യങ്ങളായ സബ് സ്റ്റേഷൻ, സി.സി.ആർ ബിൽഡിംഗ്, ഫയർ സ്റ്റേഷൻ, ചുറ്റുമതിൽ, ഓവുചാൽ, നിലവിലുള്ള റോഡിൽ നിന്നുള്ള പ്രധാന കവാടം, കാർ പാർക്കിംഗ് മുതലായവയുടെ പ്രവർത്തിക്കുവേണ്ടി 22 ജനുവരി 2013ന് RFQ പ്രസിദ്ധീകരിച്ചു. 2013 നവംബർ 5ന് സാമ്പത്തിക ബിഡ് തുറക്കുകയും ഏറ്റവും കുറഞ്ഞ കരാർ തുക (694 കോടി രൂപ) രേഖപ്പെടുത്തിയ എൽ&ടിക്ക് 2013 നവംബർ 5ന് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. പ്രവൃത്തി 65% പൂർത്തിയായി.<br><br>സിറ്റിസൈഡ് പ്രവൃത്തിക്കുവേണ്ടി ഡിസൈൻ ചെയ്ത നിർമ്മാണ രൂപരേഖ പാക്കേജ് എ യോഗ്യതാ പരിശോധനയക്കുവേണ്ടി കിയാൽ ബോർഡ് 2014 ഫെബ്രുവരി 3 ന് അംഗീകാരം നൽകി. യോഗ്യതയ്ക്കായുള്ള അഭ്യർത്ഥന മൊത്തം സിറ്റി സൈഡ് |

| | | |
|---|---|---|
| | | പ്രവൃത്തികൾ ഉൾപ്പെടുത്തി 2014 ഫെബ്രുവരി 5ന് പ്രസിദ്ധീകരിച്ചു. ഈ പാക്കേജിൽ ഇന്റഗ്രേറ്റഡ് ടെർമിനൽ ബിൽഡിംഗ്, എ.ടി.സി ടവർ, ടെക്നിക്കൽ ബിൽഡിംഗും ഇ&എം ഉപകരണങ്ങളും മറ്റ് പ്രധാന സേവനങ്ങളുമാണ്. ആർ.എഫ്.ക്യൂ, ആർ.എഫ്.പി മുതലായ<br>നടപടികൾക്കുശേഷം ഏറ്റവും കുറഞ്ഞ തുകയായ 498 കോടി രൂപ ക്വാട്ട് ചെയ്ത് ബിഡ് സമർപ്പിച്ച ലാർസൺ&ടൂബ്രോ കമ്പനിക്ക് 2014 ജൂൺ 25ന് വർക്ക് അവാർഡ് ചെയ്തു. പ്രവൃത്തി 50% പൂർത്തിയായി.<br>മറ്റു പ്രവർത്തികളായ ലിഫ്റ്റ്, എലിവേറ്റർ, എസ്കലേറ്റർ, ഫയർ ടെണ്ടർ മുതലായവയുടെ ടെണ്ടർ അവാർഡ് ചെയ്തു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ